# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4986

24/07/2015 -ൽ മറുപടിക്ക്

### കനോലി കനാലിന് തീരത്ത് പവലിയൻ നിർമ്മിക്കുന്നതിന് അനുമതി

ചോദ്യം

ഉത്തരം

ശ്രീ. പി.എ.മാധവൻ

ശ്രീ. പി.ജെ.ജോസഫ്
( ബഹു: ജലവിഭവ വകുപ്പ് മന്ത്രി)

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടശ്ശാംകടവിൽ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയ്ക്കായി എല്ലാവർഷവും നടത്തുന്ന വള്ളംകളി മത്സരങ്ങൾക്കായി കനോലി കനാലിന് തീരത്ത് ഒരു പവലിയൻ നിർമ്മി ക്കുന്നതിന് അനുമതിയ്ക്കായി എം.എൽ.എ നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയി ക്കാമോ;

(എ) മണലൂർ നിയോജക മണ്ഡലത്തിലെ കണ്ടശ്ശാം കടവിൽ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ക്കായി വള്ളംകളി നടത്തിവരുന്ന സ്ഥലത്ത് ഒരു സ്ഥിരം പവിലിയിൻ നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ സംരക്ഷണച്ചുമതല കൈമാറി കൊടുക്കുവാൻ അഭ്യർത്ഥിച്ചു കൊണ്ടുള്ള ബഹു. എം എൽ എ യുടെ ആവശ്യ പ്രകാരം സർക്കാർ വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ടി സ്ഥലത്ത് ടൂറിസം ഡെസ്റ്റിനേഷൻ കമ്മിറ്റിക്ക് സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതായി ചീഫ് എഞ്ചി നീയർ (ജലസേചനവും ഭരണവും) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പ് ഇതിലേക്ക് ആവശ്യമായ തുക അനുവദിച്ച സാഹചര്യ ത്തിൽ ബഹു: ജലവിഭവ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാന ത്തിലുള്ള ഫയലിൽ (File No. 6652/W4/14/dated 24/2/2014) ചീഫ് എഞ്ചിനീയർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇതു സംബന്ധിച്ച് തൃശ്ശൂർ സ്പെഷ്യൽ ഇറിഗേഷൻ വകുപ്പ് ഓഫീസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ;

(ബി) & (സി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), പ്രസ്തുത നിവേദനത്തിൽ വിശദമായ റിപ്പോർട്ട് നൽകുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ തൃശൂർ, അഡീഷണൽ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ഡി) പവലിയന്റെ നിർമ്മാണത്തിന് കരാർ വെച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി എൻ.ഒ.സി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ചീഫ് എഞ്ചിനീയറിൽ (ജലസേചനവും ഭരണവും) നിന്നും വിശദമായ റിപ്പോർട്ട് ലഭിച്ചാലുടൻ എൻ ഒ സി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ